# പതിനാലാം കേരള നിയമസഭ

## സബ്ജക്റ്റ് കമ്മിറ്റി I

## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

## 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2018 ജൂൺ 21-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി I
## (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

**2017-2018 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1184/2018.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധവും

(2016-2018)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. വി. എസ്. സുനിൽ കുമാർ,

കൃഷി വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. രാജു,

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പാറക്കൽ അബ്ദുള്ള, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ, എം., അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമർപ്പിക്കുന്നു.

2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ രണ്ടാമത് റിപ്പോർട്ടിലെ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സബ്ജക്ട് കമ്മിറ്റി I-ന്റെ 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തരനടപടികളുടെ സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 17-1-2018, 23-5-2018, 20-6-2018 എന്നീ തീയതികളിലെ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2018 ജൂൺ 20-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2018 ജൂൺ 21.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

# റിപ്പോർട്ട്

ഭാഗം 1

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൽ മറുപടി ലഭിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച മറുപടികളും.

ശിപാർശ

2401-00-001-88—മലബാർ മാർക്കറ്റ് കമ്മിറ്റിയ്ക്കുള്ള സഹായം

വിഹിതം: 45,00,000 രൂപ (പദ്ധതിയേതരം)

പെൻഷൻകാർക്ക് ഒരു വർഷത്തെ മിനിമം പെൻഷൻ, ഡി. എ., മെഡിക്കൽ അലവൻസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയും 1-7-2015 മുതൽ 31-1-2017 വരെ മിനിമം പെൻഷൻ വർദ്ധിപ്പിച്ച ഇനത്തിൽ കൊടുക്കാനുള്ള കുടിശ്ശികയും ഉൾപ്പെടെ നൽകാൻ അധികം തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.2 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിലെ 1, 2, 3 ബാച്ചിലെ അധിക ധനാഭ്യർത്ഥന (Supplementary Demand for Grants SDG)-യുള്ള പ്രൊപ്പോസലിൽ യഥാക്രമം 2017 ഏപ്രിലിൽ 1.20 കോടി രൂപയും 2017 ജൂലൈയിൽ 0.80 കോടി രൂപയും 2017 ഡിസംബറിൽ 0.9832 കോടി രൂപയും മലബാർ മാർക്കറ്റ് കമ്മിറ്റിയ്ക്കുള്ള ധനസഹായം എന്ന പദ്ധതിയ്ക്കായി 2401-00-001-88 (നോൺ-പ്ലാൻ) ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2401-00-102-90— ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം (ജില്ലാ പദ്ധതി)

വിഹിതം: 70,00,00,000 രൂപ (പദ്ധതി)

തണ്ണീർത്തട നീർത്തട സർവ്വേക്കായി കെ. എസ്. ആർ. ഇ. സി.-യ്ക്ക് തുക നൽകേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.3 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിലെ ഒന്ന്, രണ്ട്, മൂന്ന് ബാച്ചുകളിലെ (യഥാക്രമം ഏപ്രിൽ 2017, ജൂലൈ 2017, ഡിസംബർ 2017) അധിക ധനാഭ്യർത്ഥന (Supplementary Demand For Grants SDG)-യുള്ള പ്രൊപ്പോസലിൽ 2401-00-102-90-പ്ലാൻ ശീർഷകത്തിൽ തണ്ണീർത്തട സർവ്വേയുമായി ബന്ധപ്പെട്ട് കെ. എസ്. ആർ. ഇ. സി.-യ്ക്ക് നൽകുന്നതിനായി 3.30 കോടി രൂപ വീതം ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

2401-00-105-85—<u>ഓർഗാനിക് ഫാമിംഗ്</u>

വിഹിതം: 10,00,00,000 രൂപ (പദ്ധതി)

ജൈവകൃഷിയും ഉത്തമകൃഷിമുറകളും നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് 200 ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടെന്നും അതിൽ 65 ഇക്കോ ഷോപ്പുകൾ മാത്രമേ നാളിതുവരെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നും നിരീക്ഷിച്ച സമിതി പുതിയ ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച തുക വളരെ കുറവാണെന്ന് ബോദ്ധ്യമായതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികം വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിലെ ഒന്ന്, രണ്ട്, മൂന്ന് ബാച്ചിലെ അധിക ധനാഭ്യർത്ഥനയുള്ള പ്രൊപ്പോസലിൽ (യഥാക്രമം ഏപ്രിൽ 2017, ജൂലൈ 2017, ഡിസംബർ 2017 മാസങ്ങളിൽ) ഓർഗാനിക് ഫാമിംഗ് പദ്ധതിക്കായി 2401-00-105-85-പ്ലാൻ ശീർഷകത്തിൽ 10 കോടി രൂപ അധികം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2401-00-115-99—<u>ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി</u>

വിഹിതം: 34,43,00,000 രൂപ (പദ്ധതിയേതരം)

നെൽകർഷകർക്ക് ഭൂപരിധിയില്ലാതെയും കരകൃഷിക്ക് രണ്ട് ഹെക്ടർ വരെയും സൗജന്യമായി വൈദ്യുതി നൽകുന്നതിന് വേണ്ട തുകയും മുൻ വർഷങ്ങളിലെ കുടിശ്ശികയും പോളി ഹൗസ് കൃഷിയ്ക്ക് നൽകുന്ന സൗജന്യ വൈദ്യുതിക്കുള്ള ആനുകൂല്യവും നൽകുന്നതിലേക്കായി

ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5.57 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിലെ ഒന്ന്, രണ്ട്, മൂന്ന് ബാച്ചുകളിലെ (യഥാക്രമം ഏപ്രിൽ 2017, ജൂലൈ 2017, ഡിസംബർ 2017) അധിക ധനാഭ്യർത്ഥന (Supplementary Demand For Grants SDG)-യുള്ള പ്രൊപ്പോസലിൽ 2401-00-115-99- നോൺപ്ലാൻ ശീർഷകത്തിൽ 5.57 കോടി, 5.57 കോടി, 14.98 കോടി എന്നിങ്ങനെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2401-00-115-98—<u>ചെറുകിട നാമമാത്ര കർഷക പെൻഷൻ</u>

വിഹിതം: 124,87,20,000 രൂപ (പദ്ധതിയേതരം)

ചെറുകിട നാമമാത്ര കർഷകർക്ക് 2017 മാർച്ച് വരെയുള്ള കുടിശ്ശികയായ 355.87 കോടി രൂപയും 2017-18 വർഷത്തിൽ പ്രതിമാസം 1100 രൂപ നിരക്കിൽ പെൻഷനും നൽകുന്നതിന് ബജറ്റിലെ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 628.978 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തിലെ അധിക ധനാഭ്യർത്ഥനയുള്ള 3 ബാച്ചിലും (യഥാക്രമം ഏപ്രിൽ 2017, ജൂലൈ 2017, ഡിസംബർ 2017 മാസങ്ങളിൽ) 2401-00-115-98- (പദ്ധതിയേതരം) ശീർഷകത്തിലേക്ക് ആദ്യത്തെ 2 ബാച്ച് അധിക ധനാഭ്യർത്ഥനയിൽ 628.978 കോടി രൂപയും 3-ാം ബാച്ച് അധിക ധനാഭ്യർത്ഥനയിൽ 634.64 കോടി രൂപയും അധികം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും 3-ാം ബാച്ച് അധിക ധനാഭ്യർത്ഥനയിൽ പ്രസ്തുത ശീർഷകത്തിൽ 422.12 കോടി രൂപ അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

2401-00-191-50—<u>റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുൻസിപ്പൽ കോർപ്പറേഷൻ)</u>

വിഹിതം : 50,000 രൂപ (പദ്ധതിയേതരം)

2401-00-192-50—<u>റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുൻസിപ്പാലിറ്റികൾ)</u>

വിഹിതം: 40,00,000 രൂപ (പദ്ധതിയേതരം)

2401-00-198-50— റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്(ഗ്രാമപഞ്ചായത്തുകൾ)

വിഹിതം: 13,24,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്ത് 2 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിലേക്കായി ഹെക്ടറിന് ഒരു സീസണിൽ 1000 രൂപ എന്ന നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നതിനും നിലവിലുള്ള കടിശ്ശിക നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2401-00-191-50 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും 2401-00-192-50 എന്ന ശീർഷകത്തിൽ 4.5 കോടി രൂപയും 2401-00-198-50 എന്ന ശീർഷകത്തിൽ 45 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ അധിക ധനാഭ്യർത്ഥന (SDG) മുഖേന താഴെപ്പറയും പ്രകാരം തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല:

| ക്രമ നമ്പർ | ശീർഷകം (നോൺ പ്ലാൻ) | SDG ആദ്യ ബാച്ച് (ഏപ്രിൽ 2017) | SDG രണ്ടാം ബാച്ച് (ജൂലൈ 2017) | SDG മൂന്നാം ബാച്ച് (ഡിസംബർ 2017) (കോടി രൂപയിൽ) |
|---|---|---|---|---|
| 1 | 2401-00-191-50 | 0.3956 | 0.50 | 0.4858 |
| 2 | 2401-00-192-50 | 0.9580 | 4.50 | 1.50 |
| 3 | 2401-00-198-50 | 25.18 | 45.00 | 19.3186 |

ശിപാർശ

2401-00-800-91—പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി

വിഹിതം: 4,00,00,000 രൂപ (പദ്ധതി)

പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനും കടിശ്ശിക തീർക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സർക്കാർ സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതിമൂലം 2017-18 സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2415-01-004-88—കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

വിഹിതം : 50,00,000 രൂപ (പദ്ധതി)

കുട്ടനാട്ടിൽ സ്ഥാപിച്ചിട്ടുള്ള ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീലെവൽ ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ നൂതന പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും മലിനീകരണം സംബന്ധിച്ച ഡേറ്റാബേസ് തയ്യാറാക്കുന്നതിനും കാര്യശേഷി വർദ്ധനവ് പരിപാടികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിലെ 1, 2, 3 ബാച്ചിലെ അധിക ധനാഭ്യർത്ഥന (Supplementary Demand for Grants SDG)-യ്ക്കുള്ള പ്രൊപ്പോസലിൽ യഥാക്രമം 2017 ഏപ്രിലിൽ 50 ലക്ഷം രൂപയും, 2017 ജൂലൈയിൽ 50 ലക്ഷം രൂപയും 2017 ഡിസംബറിൽ 50 ലക്ഷം രൂപയും കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം എന്ന പദ്ധതിയ്ക്കായി 2415-01-004-88 (പ്ലാൻ) ശീർഷകത്തിൽ അധികം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2435-01-101-85—വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ

വിഹിതം: 15,00,00,000 രൂപ (പദ്ധതി)

2017-18-ൽ ഉത്സവകാലയളവുകളിൽ വിലസ്ഥിരതയ്ക്കായി പച്ചക്കറി വിപണിയിൽ ഇടപെടുന്നതിനും പഞ്ചായത്തുതലത്തിൽ പ്രത്യേകം പഴം പച്ചക്കറി വിപണികൾ സംഘടിപ്പിക്കുന്നതിനും കൂടാതെ ഹോർട്ടികോർപ്പ്, കേരഫെഡ്, വി. എഫ്. പി. സി. കെ. തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങൾക്ക് കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 60 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സർക്കാർ സ്വീകരിച്ച നടപടി

2017-2018 സാമ്പത്തിക വർഷത്തിലെ 1, 2, 3 ബാച്ചിലെ അധിക ധനാഭ്യർത്ഥന (Supplementary Demand for Grants SDG)-യ്ക്കുള്ള പ്രൊപ്പോസലിൽ യഥാക്രമം 2017 ഏപ്രിലിൽ 50 കോടി രൂപയും 2017 ജൂലൈയിൽ 60.5 കോടി രൂപയും 2017 ഡിസംബറിൽ 45 കോടി രൂപയും വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ എന്ന പദ്ധതിയ്ക്കായി 2435-01-101-85 പ്ലാൻ ശീർഷകത്തിൽ ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

ശിപാർശ

2435-01-101-79—കേരള കാർഷിക വിപണന പദ്ധതി

വിഹിതം : ഇല്ല

കൃഷി വകുപ്പിന്റെ വിംഗ് ശക്തിപ്പെടുത്തുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും കർഷക ചന്തകൾ സ്ഥാപിക്കുന്നതിനും 5 അഗ്രോ ബസാറുകൾ സ്ഥാപിക്കുന്നതിനും സംഘമൈത്രികളുടെ ശാക്തീകരണത്തിനും പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടാകാതിരിക്കുന്നതിനായി കോൾഡ് സ്റ്റോറേജുകൾ നിർമ്മിക്കുന്നതിനും കോൾഡ് ചെയിൻ ശൃംഖല സൃഷ്ടിക്കൽ തുടങ്ങിയ വിപണി പരിഷ്കാര പ്രവർത്തനങ്ങൾക്കും തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സർക്കാർ സ്വീകരിച്ച നടപടി

2017-2018 സാമ്പത്തിക വർഷത്തിലെ അധിക ധനാഭ്യർത്ഥന (Supplementary Demand for Grants SDG)-യ്ക്കുള്ള ഒന്ന്, രണ്ട്, മൂന്ന് ബാച്ച് പ്രൊപ്പോസലുകളിലും (യഥാക്രമം 2017 ഏപ്രിൽ, 2017 ജൂലൈ, 2017 ഡിസംബർ മാസങ്ങളിൽ) കേരള കാർഷിക വിപണന പദ്ധതിയ്ക്കായി 2435-01-101-79 പ്ലാൻ എന്ന ശീർഷകത്തിൽ 10 കോടി രൂപാ വീതം അധികം വകയിരുത്തണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

4435-01-101-97—RIDF പദ്ധതികൾ

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

RIDF XVI മുതൽ XXI വരെ 139.5981 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും 2017-18 സാമ്പത്തികവർഷം നടപ്പാക്കുന്ന പദ്ധതികൾക്കായി

32 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പദ്ധതി നിർവ്വഹണ പുരോഗതി അനുസരിച്ച് സമർപ്പിക്കപ്പെടുന്ന റീഇംബേഴ്സ്മെന്റ് ക്ലയിമിന്റെ അടിസ്ഥാനത്തിൽ നബാർഡിൽനിന്നും വായ്പ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ധനകാര്യ വകുപ്പിൽനിന്നും ലഭിച്ച മറുപടി)

<u>ശിപാർശ</u>

<u>അടയ്ക്കാ കർഷകർക്കായുള്ള ധനസഹായം</u>

കേരളത്തിലെ അടയ്ക്കാ കർഷകർക്ക് നാളിതുവരെ ധനസഹായം അനുവദിച്ച് കാണുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അടയ്ക്കാ കർഷകർക്കായുള്ള ധനസഹായം എന്ന പേരിൽ പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷത്തെ അധിക ധനാഭ്യർത്ഥനയുള്ള (എസ്.ഡി.ജി.) 3 ബാച്ചിലും (യഥാക്രമം ഏപ്രിൽ 2017, ജൂലൈ 2017, ഡിസംബർ 2017) അടയ്ക്കാ കർഷകർക്ക് ധനസഹായത്തിനായി അരക്കനട്ട് പാക്കേജ് എന്ന പേരിൽ പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുകയൊന്നും അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

2402-00-001-94-31—<u>കേരള സംസ്ഥാന ബഹിരാകാശ ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) (ധനസഹായം) സഹായധനം -ശമ്പളം</u>

വിഹിതം : 86,64,000 രൂപ (പദ്ധതിയേതരം)

പത്താം ശമ്പളകമ്മീഷൻ നടപ്പിലാക്കുന്നതിലേക്കും ഐ.എസ്.ആർ.ഒ.-ൽ നിന്നും സർക്കാർ നിയമിച്ച ഡയറക്ടർക്ക് കേന്ദ്രനിരക്കിലുള്ള ശമ്പളം നൽകുന്നതിനും

പദ്ധതിയേതര ഇനത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കെ.എസ്.ആർ.ഇ.സി.യ്ക്ക് നടപ്പു സാമ്പത്തിക വർഷം പദ്ധതിയേതര സഹായമായി 2402-00-001-94-31 എന്ന ശീർഷകത്തിൽ 86.64 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച ശേഷം അധിക തുകയ്ക്കുള്ള നിർദ്ദേശം സമർപ്പിക്കുവാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ഇ.സി. ഡയറക്ടർക്ക് 4-7-2017-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. അധിക തുകയ്ക്കുള്ള നിർദ്ദേശം കെ.എസ്.ആർ.ഇ.സി. ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

2401-00-111-99—<u>കാർഷിക സെൻസസ് (100% കേന്ദ്രാവിഷ്കൃതം)</u>

വിഹിതം : 1,00,000 രൂപ (പദ്ധതി)

ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, രണ്ടാംഘട്ട സർവ്വെ ജോലികളുടെ ഓണറേറിയം, 2016-17 സാമ്പത്തികവർഷത്തെ ഓണറേറിയം എന്നിവ നൽകുന്നതിന് ബഡ്ജറ്റിലെ വിഹിതം വളരെ തുച്ഛമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.29 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കാർഷിക സെൻസസ് പദ്ധതിക്ക് 19-5-2017-ലെ സ.ഉ.(സാധാ.) നമ്പർ 4262/ ഫിൻ. പ്രകാരം 82,00,000 രൂപയും 18-12-2017-ലെ സ.ഉ. (സാധാ.) നമ്പർ 9412/2017/ഫിൻ. പ്രകാരം 66,48,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പു വർഷം നടപ്പാക്കുന്നതിനാവശ്യമായ മുഴുവൻ കേന്ദ്ര വിഹിതവും ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പുഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ Salary, TE, OE എന്നീ ഇനങ്ങളിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ അധിക തുക പിന്നീട് അനുവദിക്കുന്നതാണ്.

ശിപാർശ

2415-05-277-99—കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ്

വിഹിതം: 13,88,06,000 രൂപ (പദ്ധതിയേതരം)

കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് കുഫോസിൽ ജോലി ചെയ്തിരുന്ന 41 അധ്യാപക അനധ്യാപക ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്. അതിൽ 2015 ഏപ്രിൽ വരെ റിട്ടയർ ചെയ്ത ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മാത്രമാണ് ഇതുവരെ നൽകാൻ സാധിച്ചിട്ടുള്ളത്. അതിനുശേഷമുള്ള 15 ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യവുമായി ബന്ധപ്പെട്ട് 435 ലക്ഷം രൂപയും അതുപോലെ 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ റിട്ടയർ ചെയ്യുന്ന അധ്യാപക അനധ്യാപക ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യത്തിനായി 287.5 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. കൂടാതെ യു.ജി.സി. 12 ബി സ്റ്റാറ്റസ് നേടുന്നതിനായി നിയമിക്കുന്ന അധ്യാപകർക്ക് 122.85 ലക്ഷം രൂപയും അധികമായി 2017-18 സാമ്പത്തിക വർഷം ആവശ്യമായി വരുന്നുണ്ട്. ഇതിനെല്ലാം കൂടി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 8.4567 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ റിട്ടയർ ചെയ്യുന്ന ജീവനക്കാരുടേതടക്കം നിലവിൽ 45 പെൻഷൻകാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾക്കായി 722.5 ലക്ഷം രൂപ ആവശ്യമാണ്. 2017-18 വർഷം 30-ഓളം പുതിയ അധ്യാപക നിയമനത്തിനുള്ള നടപടികൾ സർവ്വകലാശാല ആരംഭിച്ചിരിക്കുകയാണ്. പുതിയ അധ്യാപക നിയമനം യു.ജി.സി.യുടെ 12 ബി സ്റ്റാറ്റസ് ലഭിക്കുന്നതിന് അത്യാവശ്യമാണ്. മാത്രവുമല്ല ഈ വർഷം സർവ്വകലാശാല ഒരു അഡീഷണൽ ബാച്ച് B.F.Sc. പുതിയതായി ഒരു B.Tech., MSc. കോഴ്സുകൾ കൂടി ആരംഭിച്ച സാഹചര്യത്തിൽ ആകെയുള്ള 58 തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്ന അധ്യാപക തസ്തികകളിൽ കൂടി നിയമനം നടത്തി ശമ്പളം വിതരണം നടത്തുന്നതിന് 122.85 ലക്ഷം രൂപ ആവശ്യമാണ്. സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം 8.4567 കോടി രൂപ ഈ വർഷത്തെ സപ്ലിമെന്ററി ഗ്രാന്റിൽ ഉൾപ്പെടുത്തുന്നതിന് സർവ്വകലാശാല നടപടി സ്വീകരിച്ചു വരികയാണ്.

ശിപാർശ

6408-02-190-98—ആർ.ഐ.ഡി.എഫ് XVII-ന് കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

വിഹിതം : ഇല്ല

ആർ.ഐ.ഡി.എഫ്. XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 119.44 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും

നാളിതുവരെ പദ്ധതികളുടെ നടത്തിപ്പിനായി 24.85 കോടി രൂപ മാത്രമാണ് സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പദ്ധതികളുടെ നടത്തിപ്പിനായി ടി ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ആർ.ഐ.ഡി.എഫ്. XVII-ന്റെ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി 15 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

പദ്ധതി നിർവ്വഹണ പുരോഗതി അനുസരിച്ച് ചെലവ് തുകയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന റീഇംബേഴ്സ്മെന്റ് ക്ലെയിമിൻമേൽ നബാർഡിൽ നിന്നും വായ്പ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ അധികമായി തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ച മറുപടി)

<u>ശിപാർശ</u>

2403-00-001-99—<u>നടത്തിപ്പ്</u>

വിഹിതം : 9,25,49,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെയും ഫാം ഇൻഫർമേഷൻ ബ്യൂറോയിലെയും വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, യാത്രാചെലവ്, ഓഫീസ് ചെലവ് എന്നിവയ്ക്കാണ് ഈ തുക. ഇതിൽ മെഡിക്കൽ റീഇംബേഴ്സിന് വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 2 ലക്ഷം രൂപ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2403-00-001-98—<u>ജില്ലാഭരണം</u>

വിഹിതം : 21,23,57,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണവകുപ്പിലെ ജില്ലാ ഓഫീസുകളിലെ ചെലവിനാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. ഇതിൽ ടൂർ ടി.എ.-യ്ക്ക് നൽകിയിരിക്കുന്ന തുക വളരെ

അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടൂർ ടി.എ.[04(1)] ഇനത്തിൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 5 ലക്ഷം രൂപ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2403-00-101-98- <u>ആശുപത്രികളും ഡിസ്പെൻസറികളും</u>

വിഹിതം : 186,63,44,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 3 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 3 ലക്ഷം രൂപ ലഭിച്ചിട്ടില്ല.

അഡീഷണൽ ഓതറൈസേഷൻ മുഖേന 21,24,000 രൂപ ലഭിക്കുകയും ആകെ 34,41,658 രൂപ ഈ ഇനത്തിൽ ചെലവാകുകയും ചെയ്തു.

<u>ശിപാർശ</u>

2403-00-101-76—<u>കന്നുകാലി രോഗ നിയന്ത്രണ പ്രോജക്ട്</u>

വിഹിതം : 8,13,58,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് [05 (2)] ഇനത്തിൽ 2 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 2 ലക്ഷം രൂപ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2403-00-101-71—<u>വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം</u>

വിഹിതം : 6,12,00,000 രൂപ (പദ്ധതി)

വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണിവരെ കർഷകർ അവരുടെ മൃഗങ്ങളെ ആശുപത്രിയിൽ കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി കർഷകർക്ക്

അവരുടെ വീടുകളിൽതന്നെ സേവനം ലഭ്യമാക്കുന്നതിനായി നിലവിലുള്ള രാത്രികാല അടിയന്തര മൃഗചികിത്സ നൽകിവരുന്ന ബ്ലോക്കുകൾക്കു പുറമേ അധികമായി 67 ബ്ലോക്കുകളിൽ കൂടി രാത്രികാല അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.3751 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 4.3751 കോടി രൂപ ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

2403-00-102-99—<u>ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ</u>

വിഹിതം : 89,13,13,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01 (4)] ഇനത്തിൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 3 ലക്ഷം രൂപ ലഭിച്ചിട്ടില്ല.

അഡീഷണൽ ഓതറൈസേഷൻ മുഖേന 16,29,000 രൂപ ലഭിക്കുകയും ആകെ 17,42,863 രൂപ ഈ ഇനത്തിൽ ചെലവാകുകയും ചെയ്തു.

<u>ശിപാർശ</u>

2403-00-102-97—<u>ലൈവ് സ്റ്റോക്ക് ഫാമുകൾ</u>

വിഹിതം : 15,61,40,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വേജസിന് അനുവദിച്ച തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ വേജസ് [02(5)] ഇനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സർക്കാർ സ്വീകരിച്ച നടപടി

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 2 കോടി രൂപ ലഭിച്ചിട്ടില്ല.

ശിപാർശ

2403-00-102-96—വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 27,23,06,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വേജസ് ഇനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സർക്കാർ സ്വീകരിച്ച നടപടി

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 2 കോടി രൂപ ലഭിച്ചിട്ടില്ല.

ശിപാർശ

2403-00-102-78—ആർ.കെ.വി.വൈ സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 38,88,00,000 രൂപ (പദ്ധതി)

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൻ കീഴിൽ ഒരു ലക്ഷം പശുക്കുട്ടികൾക്ക് കൂടി ആനുകൂല്യം ലഭ്യമാക്കുന്നതിന് ഈ ശീർഷകത്തിൽ 40.58125 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സർക്കാർ സ്വീകരിച്ച നടപടി

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 40.58125 കോടി രൂപ ലഭിച്ചിട്ടില്ല.

ശിപാർശ

2403-00-103-99—കോഴിവളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 14,21,47,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വൈദ്യുതി ചാർജ്ജ് [05 (2)] ഇനത്തിൽ 3 ലക്ഷം രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01 (4)] ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സർക്കാർ സ്വീകരിച്ച നടപടി

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 5 ലക്ഷം രൂപ ലഭിച്ചിട്ടില്ല.

ശിപാർശ

2403-00-113-98—സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ

വിഹിതം : 1,03,30,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ യാത്രാബത്ത [04 (1)] ഇനത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സർക്കാർ സ്വീകരിച്ച നടപടി

എസ്.ഡി.ജി. ആയി മേൽപ്പറഞ്ഞ 2 ലക്ഷം രൂപ ലഭിച്ചിട്ടില്ല.

ശിപാർശ

2403-00-190-94—കെ.എസ്.പി.ഡി.സി.-യ്ക്ക് സഹായം

വിഹിതം : 7,57,00,000 രൂപ (പദ്ധതി)

വിവിധ കെപ്കോ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വിവിധ കെപ്കോ പദ്ധതികളായ കെപ്കോ ആശ്രയ പദ്ധതിക്ക് 250 ലക്ഷം രൂപയും, കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതിക്ക് 200 ലക്ഷം രൂപയും, വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയുള്ള കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതിക്ക് 150 ലക്ഷം രൂപയും കൂടാതെ ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 200 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സർക്കാർ സ്വീകരിച്ച നടപടി

എസ്.ഡി..ജി. ആയി 8 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല.

ശിപാർശ

കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

വിഹിതം : 7,00,00,000 രൂപ (പദ്ധതി)

കേരള ഫീഡ്സ് ലിമിറ്റഡിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കേരള ഫീഡ്സ് ലിമിറ്റഡിന്റെ വിവിധ സ്ഥാപനങ്ങളായ

ഇടുക്കി ജില്ലയിലെ അരീക്കുഴ പഞ്ചായത്തിലെ ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 6.5 കോടി രൂപയും, തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ യന്ത്ര സാമഗ്രികളുടെ നവീകരീകരണത്തിനായി 2.5 കോടി രൂപയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ വിപുലീകരണത്തിനായി 4 കോടി രൂപയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള ബൈപ്പാസ് പ്രോട്ടീൻ നിർമ്മാണ യൂണിറ്റിന് 2 കോടി രൂപയും, സർക്കാർ നയത്തിനനുസൃതമായി ക്ഷീരകർഷകർക്ക് കുറഞ്ഞ വിലയിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിലൂടെ സ്ഥാപനത്തിനുവരുന്ന അധിക ബാധ്യത നികത്തുന്നതിനുവേണ്ടി 40 കോടി രൂപയും, മലപ്പുറം ജില്ലയിലെ ആതവനാടിലുള്ള പ്രതിദിനം 10 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ധാതുലവണ മിശ്രിത നിർമ്മാണ യൂണിറ്റിന്റെ വിപുലീകരണത്തിനായി 35 ലക്ഷം രൂപയും, പാലക്കാട് ജില്ലയിലെ മുതലമടയിലുള്ള സമ്പുഷ്ടീകരിച്ച വൈയ്ക്കോൽകട്ട നിർമ്മാണ യൂണിറ്റിനുള്ള വിപുലീകരണ വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 55.85 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയനുസരിച്ചുള്ള അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

2403-00-190-93—<u>എം.പി.ഐ.-യ്ക്ക് സഹായം</u>

വിഹിതം : 1,17,00,000 രൂപ (പദ്ധതി)

ഇടയാറിലെ ഹൈടെക് സ്ലോട്ടർ ഹൗസ് നിർമ്മാണം പൂർത്തിയാക്കുന്നതിന് 1.5212 കോടി രൂപയും കൊല്ലം ജില്ലയിലെ ഏരൂരിൽ ആരംഭിക്കാനുദ്ദേശിക്കുന്ന മാംസ സംസ്കരണ യൂണിറ്റിന് 1.5 കോടി രൂപയും ഇടയാറിൽ എം.പി.ഐ. കാമ്പസിനുള്ളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റെന്ററിംഗ് പ്ലാന്റിന് 2 കോടി രൂപയും, ഇടയാറിലെ എം.പി.ഐ. കാമ്പസിൽ അത്യാധുനിക ബ്രീഡിംഗ് ഷെഡ് നിർമ്മാണത്തിന് 2 കോടി രൂപയും, ഇടയാർ എം.പി.ഐ. കാമ്പസിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓട്ടോമാറ്റിക് ഓപ്പൺ ബ്രോയിലർഫാമിന് 1.5 കോടി രൂപയും, സോസേജ് സംസ്കരണ സംവിധാനത്തിന് 1.15 കോടി രൂപയും, ശീതീകരണ സംവിധാനമുള്ള 4 റീഫർവാനുകൾ പ്രധാനപ്പെട്ട സിറ്റികളിൽ മൊബൈൽ സെയിൽസ് ഏർപ്പെടുത്താൻ മൊബൈൽ വാനുകൾ എന്നിവ വാങ്ങുന്നതിന് 2 കോടി രൂപയും, ചാലക്കുടി പരിയാരം വില്ലേജിൽ എം.പി.ഐ. യുടെ 16 ഏക്കർ സ്ഥലത്ത് ഒരു ഓപ്പൺ ലൈവ് സ്റ്റോക്ക് ഫാം കം റെസ്റ്റിംഗ് സെന്റർ

നടപ്പിലാക്കുന്നതിന് 3.5 കോടി രൂപയും ഭക്ഷ്യ സുരക്ഷ അവയർനെസ് പ്രോഗ്രാമിന് 71.88 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.89 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയനുസരിച്ചുള്ള അധിക തുക വകയിരുത്തിയിട്ടില്ല.

<u>ശിപാർശ</u>

6403-00-190-99—<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള വായ്പകൾ (ആർ. ഐ. ഡി.എഫ്.)</u>

വിഹിതം: 8,00,00,000 രൂപ (പദ്ധതി)

പദ്ധതി വിഹിതത്തിൽ ആർ.ഐ.ഡി.എഫ്. വായ്പ ഇനത്തിൽ ആകെ 924 ലക്ഷം നബാർഡ് അനുവദിച്ചു. സർക്കാരിനു നൽകിയ തുക തിരിച്ചുനൽകാനുള്ള ഇനത്തിൽ 1.4091 കോടി രൂപയും പദ്ധതി വിഹിത വർദ്ധന 10% കൂട്ടിനൽകുന്ന തുകയും ചേർത്ത് 3.1020 കോടി രൂപയും ചേർത്ത് 4.5111 കോടി രൂപയും ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇടയാറിലുള്ള ഫാക്ടറിയിൽനിന്നും കശാപ്പുചെയ്ത മാംസം എറ്റുമാനൂർ മാംസ സംസ്കരണ യൂണിറ്റിൽ ഭക്ഷണത്തിനു പാകമാക്കുന്ന റെഡി ടു സെർവ് ഉല്പന്നങ്ങളായി സംസ്കരിച്ച് പായ്ക്ക് ചെയ്ത് മാർക്കറ്റ് ചെയ്യുന്നതിന് 3.5 കോടി രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 8.0111 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

140.91 ലക്ഷം രൂപ ആർ.ഐ.ഡി.എഫ്. ഇനത്തിലുള്ള തുക ലഭിച്ചിട്ടുണ്ട്. 350 ലക്ഷം രൂപയുടെ നബാർഡ് വായ്പാ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുമുണ്ട്.

(ഭരണവകുപ്പിൽ നിന്നും ലഭിച്ച മറുപടി)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഇടയാറിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയുള്ള കശാപ്പുശാല നിർമ്മിക്കുന്നതിന് 924 ലക്ഷം രൂപ ആർ. ഐ. ഡി. എഫ്. വായ്പ അനുവദിച്ചിട്ടുള്ളതിൽനിന്നും മുഴുവൻ തുകയും ഇതിനോടകം തന്നെ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിന്

നൽകിയിട്ടുള്ളതാണ്. ആയതിനാൽ ടി പദ്ധതിക്ക് നബാർഡ് ആർ.ഐ.ഡി.എഫ്. ഇനത്തിൽ വായ്പകളൊന്നും തന്നെ നൽകുവാൻ അവശേഷിക്കുന്നില്ല. ഏറ്റുമാനൂർ മാംസ സംസ്കരണ യൂണിറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ട്രാഞ്ച് XXIII (2017-18)-ന്റെ പരിഗണനയിലാണ്. ടി പദ്ധതിക്ക് അംഗീകാരം ലഭിച്ച ശേഷം നിർവ്വഹണ പുരോഗതി അനുസരിച്ച് സമർപ്പിക്കപ്പെടുന്ന ചെലവ് തുകയുടെ അടിസ്ഥാനത്തിൽ നബാർഡിൽനിന്നും വായ്പ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ധനകാര്യവകുപ്പിൽ നിന്നുള്ള മറുപടി)

<u>ശിപാർശ</u>

**കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്**

2403-00-190-83—<u>കേരള ലൈവ് സ്റ്റോക്ക് ബോർഡിനുള്ള ധനസഹായം</u>

വിഹിതം: 20,83,00,000 രൂപ (പദ്ധതിയേതരം)

കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി 32 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കാർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിയ്ക്കായി 32 ലക്ഷം രൂപയും കുളത്തൂപ്പുഴയിലെ ഹൈടെക് ബുൾമദർ ഫാമിനോടനുബന്ധിച്ച് സാറ്റലൈറ്റ് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 117.75 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 1.8175 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

എസ്.ഡി.ജി. ആയി 1.8175 കോടി രൂപ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായിട്ടില്ല.

<u>ശിപാർശ</u>

2404-00-001-99—<u>ഡയറക്ടറേറ്റ്</u>

വിഹിതം: 6,60,68,000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ യാത്രാബത്ത [04(1)] ഇനത്തിൽ 6.5 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 6.4 ലക്ഷം രൂപയും, വാടക, കരം, നികുതി (06) ഇനത്തിൽ 5,000 രൂപയും ചെറുകിട മരാമത്തു പണികൾ (17) ഇനത്തിൽ 2.4999 കോടി രൂപയും മോട്ടോർ

വാഹനങ്ങൾ-സംരക്ഷണവും അറ്റകറ്റപ്പണിയും [21(2)] ഇനത്തിൽ 2.26 ലക്ഷം രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(03)] ഇനത്തിൽ 0.9 ലക്ഷം രൂപയും പി.ഒ.എൽ. (45) ഇനത്തിൽ 0.95 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.6705 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്നും മോട്ടോർ വാഹനങ്ങൾ (21) ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 55 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ടിൽ 2404-00-001-99—ശീർഷകത്തിൽ [04(1)]യാത്രാബത്ത ഇനത്തിൽ സമിതി 6.5 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 എസ്.ഡി.ജി. (ഫൈനൽ)-യിൽ 1,00,000 രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭിച്ചിരുന്നില്ല. 2018-19-ലെ ബഡ്ജറ്റിൽ ആകെ 1,57,000 രൂപ (1.57 ലക്ഷം) മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ടി തുക അപര്യാപ്തമാണ്. അധിക തുകയായ 6.5 ലക്ഷം രൂപ ആവശ്യമാണ്. 2404-00-001-99—[05(4)]-ഓഫീസ് ചെലവുകൾ 0-മറ്റ് ചെലവുകൾ (NP) എന്ന ശീർഷകത്തിൽ സമിതി 6.4 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. ഫൈനൽ എസ്.ഡി.ജി.-യിൽ 20,00,000 രൂപ അധികമായി ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭിച്ചിട്ടില്ല. 2018-19-ലെ ബഡ്ജറ്റിൽ ആകെ 3,78,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി തുക അപര്യാപ്തമാണ്. അധിക തുകയായ 6.4 ലക്ഷം രൂപ ആവശ്യമാണ്. 2404-00-001-99(06)-റെന്റ്, റേറ്റ്സ് & ടാക്സസ് (NP) ശീർഷകത്തിൽ സമിതി 5,000 രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും ലഭിച്ചിരുന്നില്ല. പുതിയ ബഡ്ജറ്റിൽ ടി ശീർഷകത്തിൽ 30,000 രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ ടി തുക അപര്യാപ്തമാണ്. അധിക തുകയായ 5,000 രൂപ ആവശ്യമാണ്.

2404-00-001-99-17—മൈനർ വർക്ക് (NP) ശീർഷകത്തിൽ സമിതി 2.4999 കോടി രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 ഫൈനൽ എസ്.ഡി.ജി.-യിൽ ഈ ശീർഷകത്തിൽ 2,50,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും ലഭിച്ചില്ല. 2018-19 ബഡ്ജറ്റിൽ ആകെ 1,000 രൂപ മാത്രമാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. അധിക തുകയായ 2.499 കോടി രൂപ ആവശ്യമാണ്.

2404-00-001-99-21(2) മോട്ടോർ വെഹിക്കിൾസ്- റിപ്പയേഴ്സ് & മെയിന്റനൻസ് (NP) ശീർഷകത്തിൽ സമിതി 2.26 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-2018 ഫൈനൽ എസ്.ഡി.ജി.-യിൽ ഈ ശീർഷകത്തിൽ 50,000 രൂപ ആവശ്യപ്പെട്ടിരുന്നു വെങ്കിലും തുകയൊന്നും തന്നെ ലഭിച്ചില്ല. 2018-19 ബഡ്ജറ്റിൽ ആകെ 77,000 രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമാണ്. അധിക തുകയായ 2.26 ലക്ഷം രൂപ ആവശ്യമാണ്.

2404-00-001-99-34-(03)—മറ്റ് ചെലവുകൾ-മറ്റിനം (NP) ശീർഷകത്തിൽ സമിതി 0.9 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും ലഭിച്ചിരുന്നില്ല. 2018-19 ബഡ്ജറ്റിൽ 1,000 രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. അധിക തുകയായി 89,000 രൂപ ആവശ്യമാണ്.

2404-00-001-99-(45)—POL (NP) ശീർഷകത്തിൽ സമിതി 0.95 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-2018 ഫൈനൽ എസ്.ഡി.ജി.-യിൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും തന്നെ ലഭിച്ചില്ല. 2018-2019 ബഡ്ജറ്റിൽ ടി ശീർഷകത്തിൽ ഡയറക്ടറേറ്റിലെ ഇന്ധനച്ചെലവിനായി അനുവദിച്ചിട്ടുള്ളത് 1,62,000 രൂപ മാത്രമാണ്. ടി തുക അപര്യാപ്തമാണ്. 0.95 ലക്ഷം രൂപയുടെ ഫണ്ട് കൂടി അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. 2404-00-001-99-21—മോട്ടോർ വെഹിക്കിൾ-പർച്ചേസസ് (NP) ശീർഷകത്തിൽ സമിതി 55 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ അധിക തുകയൊന്നും ലഭിച്ചിരുന്നില്ല. 2018-19 ബഡ്ജറ്റിലും തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2404-00-001-98—<u>ജില്ലാ ഭരണം</u>

വിഹിതം: 17,84,45,000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ യാത്രാ ചെലവുകൾ-യാത്രാബത്ത [04(1)] ഇനത്തിൽ 5 ലക്ഷം രൂപയും [04(4)] അവധി യാത്രാനുകൂല്യം ഇനത്തിൽ 1.9 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 5.5 ലക്ഷം രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 21 ലക്ഷം രൂപയും ചെറുകിട മരാമത്തു പണികൾ (17) ഇനത്തിൽ 9.9999 കോടി രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(2)] ഇനത്തിൽ 7.7 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10.4109 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2404-00-001-98-04(1)—ടൂർ TA (NP) ശീർഷകത്തിൽ 5 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തികവർഷത്തിൽ അധിക തുകയൊന്നും ലഭിച്ചിരുന്നില്ല. 2018-19 ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത് 15,75,000 രൂപയാണ്. ടി തുക അപര്യാപ്തമാണ്. അധികതുകയായ 5 ലക്ഷം രൂപ ആവശ്യമാണ്.

2404-00-001-98-04(4)—എൽ.റ്റി.സി. (അവധിയാത്രാനുകൂല്യം) ശീർഷകത്തിൽ സമിതി 1.9 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തികവർഷത്തിൽ അധിക തുകയൊന്നും ലഭിച്ചിരുന്നില്ല. 2018-19 ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളത് ആകെ 60,000 രൂപയാണ്. അധിക തുകയായ 1.9 ലക്ഷം രൂപ ആവശ്യമാണ്.

2404-00-001-98-05(4)—മറ്റ് ചെലവുകൾ (NP) ശീർഷകത്തിൽ സമിതി 5.5 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 ഫൈനൽ എസ്.ഡി.ജി.-യിൽ 5,00,000 രൂപ അധികമായി ആവശ്യപ്പെട്ടിരുന്നെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ല. 2018-19 ബഡ്ജറ്റിൽ 4,72,000 രൂപ അനുവദിച്ചിട്ടുണ്ട്. 14 ജില്ലാ കാര്യാലയങ്ങൾ, അവയ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ, ലാബുകൾ, ചെക്ക്പോസ്റ്റ് എന്നിവയുടെയെല്ലാം ഓഫീസ് ചെലവുകൾ ടി ശീർഷകത്തിൽ നിന്നും നിർവ്വഹിക്കേണ്ടതിനാൽ, ഫണ്ട് തീർത്തും അപര്യാപ്തമാണ്. അധിക തുകയായ 5.5 ലക്ഷം രൂപ ആവശ്യമാണ്.

2404-00-001-98-06—റെന്റ്, റേറ്റ്സ് & ടാക്സസ് (NP)ശീർഷകത്തിൽ സമിതി 21 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തികവർഷത്തിൽ അഡീഷണൽ ഓതറൈസേഷനായി 10,86,000 രൂപ ഈ ശീർഷകത്തിൽ ലഭിച്ചിരുന്നു. ടി തുക റഗുലറൈസ് ചെയ്യുന്നതിന് എസ്.ഡി.ജി.-യിൽ ഫണ്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭിച്ചിട്ടില്ല. ഫൈനൽ റീഅപ്രോപ്രിയേഷനിൽ ടി തുക റഗുലറൈസ് ചെയ്തിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ 4,50,000 രൂപ വകയിരുത്തിയിട്ടുണ്ട്. വാടക കുടിശ്ശിക ഒടുക്കുന്നതിന് അധികതുകയായി 3 ലക്ഷം രൂപ കൂടി ആവശ്യമാണ്.

2404-00-001-98-00-(17)—മൈനർ വർക്ക് (NP) ശീർഷകത്തിൽ സമിതി 9.9999 കോടി രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ ആകെ 1000 രൂപയാണ് ലഭിച്ചത്. അധിക തുകയൊന്നും ലഭിച്ചിട്ടില്ല. 2018-2019 ബഡ്ജറ്റിൽ ആകെ 10,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ടി തുക അപര്യാപ്തമാണ്. അധിക തുകയായ 9.9999 കോടി രൂപ ആവശ്യമാണ്.

2404-00-001-98-21(2)—മോട്ടോർ വെഹിക്കിൾസ്-റിപ്പയേഴ്സ് & മെയിന്റനൻസ് (NP) ശീർഷകത്തിൽ സമിതി 7.7 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 ഫൈനൽ എസ്.ഡി.ജി.-യിൽ 1,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ല. 2018-19 ബഡ്ജറ്റിൽ 5,56,000 രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക അപര്യാപ്തമാണ്. അധികതുകയായ 7.7 ലക്ഷം രൂപ ആവശ്യമാണ്.

<u>ശിപാർശ</u>

2404-00-001-97—<u>വികസന പ്രവർത്തന ഘടകങ്ങൾ</u>

വിഹിതം: 34,42,98,000 രൂപ (പദ്ധതിയേതരം)

152 ക്ഷീരവികസന യൂണിറ്റുകളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും റിട്ടയർ ചെയ്ത ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും യാത്രാ

ചെലവുകൾ-യാത്രാബത്ത [04(1)] ഇനത്തിൽ ഈ ശീർഷകത്തിൽ 23 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സർക്കാർ സ്വീകരിച്ച നടപടി

2404-00-001-97-04(1)-TE-01—Tour TA(NP) ശീർഷകത്തിൽ സമിതി 23 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 ഫൈനൽ എസ്.ഡി.ജി.-യിൽ 10,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും ലഭിച്ചിട്ടില്ല. 2018-19 ബഡ്ജറ്റിൽ 7,35,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക അപര്യാപ്തമാണ്. അധിക തുകയായ 23 ലക്ഷം രൂപ ആവശ്യമാണ്.

ശിപാർശ

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശകപ്രവർത്തനങ്ങൾ

വിഹിതം: 4,95,00,000 രൂപ (പദ്ധതി)

ക്ഷീരവികസനവകുപ്പ് നടപ്പിലാക്കുന്ന വിജ്ഞാന വ്യാപന പ്രവർത്തനത്തിനും ഉപദേശക സേവനങ്ങൾക്കുമാണ് ഈ ശീർഷകത്തിൽ നിന്നുള്ള തുക വിനിയോഗിക്കുന്നത്. 2017-18 വർഷം ക്ഷീരകർഷകർക്കും ഉരുക്കൾ നഷ്ടപ്പെടുന്നതുൾപ്പെടെയുള്ള അപ്രതീക്ഷിത സാമ്പത്തിക നഷ്ടങ്ങൾക്കും ഫീൽഡ് സ്കൂളുകൾ സ്ഥാപിക്കുന്നതിനും കൂടാതെ പുതിയ ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും വകുപ്പ് ഓഫീസുകളിൽ ജിയോ മാപ്പിംഗ്, ഇ-ഗവേർണൻസ് സംവിധാനം നടപ്പാക്കുന്നതിനും കന്നുകാലികൾക്കും കർഷകർക്കും സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 5.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

സർക്കാർ സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 5.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിട്ടുണ്ട്. 5.4 കോടി രൂപ അധികമായി അനുവദിക്കുന്നതിനായി വകുപ്പ് അധിക ധനാഭ്യർത്ഥനയ്ക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും 2017-18-ൽ തുകയൊന്നും അനുവദിച്ച് ലഭിച്ചിട്ടില്ല. 2017-18 ആദ്യ എസ്.ഡി.ജി.-ൽ 1000 രൂപ ടി ശീർഷകത്തിൽ അധികമായി ഉൾപ്പെടുത്തിയിരുന്നു. 2018-19-ലേയ്ക്ക് ആകെ 5.45 കോടി രൂപ മാത്രമേ ടി ശീർഷകത്തിൽ ലഭ്യമായിട്ടുള്ളൂ. അധികതുക 5.4 കോടി രൂപ ആവശ്യമാണ്.

ശിപാർശ

2404-00-102-79—കാലിത്തീറ്റയ്ക്കുള്ള സബ്സിഡി

വിഹിതം: 14,00,00,000 രൂപ (പദ്ധതി)

വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി കർഷകർക്ക് ലഭ്യമാക്കുമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. അപ്രകാരം കർഷകർ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ

ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ വർഷം മുഴുവനും കാലിത്തീറ്റ സബ്സിഡി നൽകണമെങ്കിൽ ആകെ 61 കോടി രൂപയാണ് ആവശ്യമുള്ളതെന്നും ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത് തീരെ അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 3.5 ലക്ഷം കർഷകർക്ക് കാലിത്തീറ്റയുള്ള ധനസഹായം നൽകാനായി ഈ ശീർഷകത്തിൽ 47 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി 61 കോടി രൂപ ആവശ്യപ്പെട്ടിരുന്നതിൽ വകപ്പിന് വകയിരുത്തി ലഭിച്ച 14 കോടി അപര്യാപ്തമെന്ന് കണ്ട് സമിതി ശിപാർശ ചെയ്ത 47 കോടി അധിക തുകയ്ക്കായി ഉപധനാഭ്യർത്ഥനകളിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 2017-18-ൽ അധിക തുക അനുവദിച്ച് ലഭിച്ചിട്ടില്ല. 2018-19-ൽ 15 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. അധിക തുകയായ 61 കോടി ആവശ്യമാണ്.

<u>ശിപാർശ</u>

2404-00-102-77—<u>കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉൽപ്പാദനവും സൂക്ഷിക്കലും</u>

വിഹിതം: 6,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് എസ്.എച്ച്.ജി./ സ്വയംസഹായക/വനിതാഗ്രൂപ്പ് രൂപീകരിച്ച് തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനും, തരിശ് സ്ഥലങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലും വ്യാവസായിക അടിസ്ഥാനത്തിൽ ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെ പുൽക്കൃഷി പദ്ധതി വ്യാപിപ്പിക്കാനും ലക്ഷ്യമിട്ട് 12 കോടി രൂപയുടെ പ്രൊപ്പോസൽ ആണ് സമർപ്പിച്ചിരുന്നത്. അനുവദിച്ച തുക വളരെ കുറവായതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

അധിക തുകയായി സമിതി ശിപാർശ ചെയ്ത 6 കോടി ലഭ്യമാക്കുന്നതിനായി 2017-18 ഉപധനാഭ്യർത്ഥനയിൽ അപേക്ഷിച്ചിരുന്നുവെങ്കിലും അധിക തുക ലഭ്യമായിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിലേക്ക് 6.6 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക 61 കോടി ആവശ്യമാണ്.

<u>ശിപാർശ</u>

2404-00-102-76—<u>ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ധനസഹായം</u>

വിഹിതം: 25,00,000 രൂപ (പദ്ധതി)

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ എണ്ണം വർദ്ധിപ്പിച്ചതിനാലും സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി നൽകുന്ന ധനസഹായതുക വർദ്ധിപ്പിക്കേണ്ടതുള്ളതിനാലും ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്തിട്ടുള്ള 65 ലക്ഷം അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ 2017-18 ഉപധനാഭ്യർത്ഥനയ്ക്ക് നൽകിയിരുന്നെങ്കിലും തുക അനുവദിച്ചു ലഭിച്ചിട്ടില്ല. 2018-19 വാർഷിക പദ്ധതിയിലും 25 ലക്ഷമാണ് ലഭിച്ചിരിക്കുന്നത്. അധിക തുകയായ 65 ലക്ഷം രൂപ ആവശ്യമാണ്.

<u>ശിപാർശ</u>

2404-00-102-75 —<u>കന്നുകാലിത്തീറ്റ കൃഷി വലിയതുറ സ്വീവേജ് ഫാം</u>

വിഹിതം: 2,40,04,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ വാടക-കരം-നികുതി (06) ഇനത്തിൽ 50,000 രൂപയും മറ്റ് ചെലവുകൾ-മറ്റിനം [34(3)] ഇനത്തിൽ 1.05 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(02)] ഇനത്തിൽ 70,000 രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ 2.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2409-00-102-75-(06)—റെന്റ്, റേറ്റ്സ് & ടാക്സ് (NP) ശീർഷകത്തിൽ സമിതി 50,000 രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 ഫൈനൽ എസ്.ഡി.ജി.-യിൽ 50,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നുംതന്നെ ലഭിച്ചിട്ടില്ല. 2018-19-ലെ ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരം ടി ശീർഷകത്തിൽ 15,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക നിലവിൽ അപര്യാപ്തമാണ്. അധിക തുകയായ 50,000 രൂപ ആവശ്യമാണ്.

2404-00-102-75-(34)(3)—മറ്റ് ചെലവുകൾ-മറ്റിനം ശീർഷകത്തിൽ സമിതി 1.05 ലക്ഷം രൂപ ശിപാർശ ചെയ്തിരുന്നു. 2017-18 ഫൈനൽ എസ്.ഡി.ജി.-യിൽ 1,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും ലഭിച്ചില്ല. 2018-19 ബഡ്ജറ്റിൽ 3,45,000 രൂപ അനുവദിച്ചുകാണുന്നു. ടി തുക അപര്യാപ്തമാണ്. ഫാം തൊഴിലാളികൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ, മറ്റ് ഫാം നടത്തിപ്പ് ചെലവുകൾ എന്നിവയൊക്കെയും നിർവ്വഹിച്ചുവരുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ആയതിനാൽ അധിക തുകയായി 1.05 ലക്ഷം രൂപ അനുവദിക്കേണ്ടതാണ്.

2404-00-102-75-21-(02)—റിപ്പയേഴ്സ് & മെയിന്റനൻസ് (NP) ശീർഷകത്തിൽ സമിതി 70,000 രൂപ ശിപാർശ ചെയ്തിരുന്നു. ഫൈനൽ എസ്.ഡി.ജി.-യിൽ 1,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭിച്ചിട്ടില്ല. 2018-19 ബഡ്ജറ്റിൽ ആകെ 29,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. അധിക തുക ആവശ്യമാണ്. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയത്ത് നടത്തേണ്ടതുണ്ട്. അധികതുകയായി 70,000 രൂപ ആവശ്യമുണ്ട്.

## ശിപാർശ

2404-00-109-98—ക്ഷീരവികസന പരിശീലന കേന്ദ്രം

വിഹിതം: 5,34,17,000 രൂപ (പദ്ധതിയേതരം)

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഫീസ് ചെലവുകൾ-വെള്ളക്കരം [05(1)] ഇനത്തിൽ 3,000 രൂപയും ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ് [05(3)] ഇനത്തിൽ 75,000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ [05(4)] ഇനത്തിൽ 75000 രൂപയും വാടക, കരം, നികുതി (06) ഇനത്തിൽ 1 ലക്ഷം രൂപയും ചെറുകിട മരാമത്തു പണികൾ (17) ഇനത്തിൽ 4.99 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും [21(02)] ഇനത്തിൽ 66,000 രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ അധികമായി 8.18 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

## സർക്കാർ സ്വീകരിച്ച നടപടി

2404-00-109-98-05(1)—ഓഫീസ് ചെലവുകൾ-വെള്ളക്കരം ശീർഷകത്തിൽ സമിതി 3,000 രൂപ ശിപാർശ ചെയ്തിരുന്നു. 2017-18-ൽ അധിക തുക ലഭിച്ചിരുന്നില്ല. 2018-19 ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 7,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി തുക അപര്യാപ്തമാണ്. അധിക തുകയായി 5,000 രൂപ കൂടി ആവശ്യമാണ്.

2404-00-109-98-05-(3)—ഓഫീസ് ചെലവുകൾ-ടെലഫോൺ (NP) ശീർഷകത്തിൽ സമിതി 75,000 രൂപ ശിപാർശ ചെയ്യുന്നു. 2017-18 ഫൈനൽ എസ്.ഡി.ജി.-യിൽ 2,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ലഭിച്ചിട്ടില്ല. 2018-19 ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 50,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക അപര്യാപ്തമാണ്. ഇന്റർനെറ്റ് ചാർജ്ജസ് ഉൾപ്പെടെയുള്ള അധിക തുകയുടെ ബില്ലുകൾ ലഭിച്ചു വരുന്നതിനാൽ അധിക തുകയായ 75,000 രൂപ ആവശ്യമാണ്.

2404-00-109-98-00-05—ഓഫീസ് ചെലവുകൾ-04-മറ്റ് ചെലവുകൾ (NP) ശീർഷകത്തിൽ സമിതി 75,000 രൂപ ശിപാർശ ചെയ്യുന്നു. 2018-19 ഫൈനൽ എസ്.ഡി.ജി.-യിൽ 1,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും തന്നെ ലഭിച്ചില്ല. 2018-19 ബഡ്ജറ്റിൽ 78,000 രൂപ വകയിരുത്തിയിട്ടുണ്ട്. ടി ശീർഷകത്തിൽ 72,000 രൂപ കൂടി ആവശ്യമുണ്ട്.

2404-00-109-98-(06)—റെന്റ്, റേറ്റ്സ് & ടാക്സസ് (NP) ശീർഷകത്തിൽ സമിതി 1,00,000 രൂപ ശിപാർശ ചെയ്തിട്ടുണ്ട്. 2017-18 ഫൈനൽ എസ്.ഡി.ജി.-യിൽ 1,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും തന്നെ ലഭിച്ചില്ല. 2018-2019 ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 1,10,000 രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക അപര്യാപ്തമാണ്. കുറഞ്ഞത് 90,000 രൂപ കൂടി ടി ശീർഷകത്തിൽ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

2404-00-109-98-00-17-00—മൈനർ വർക്സ് (NP) ശീർഷകത്തിൽ സമിതി 4.99 ലക്ഷം രൂപ ശിപാർശ ചെയ്യുന്നു. 2018-19 ബഡ്ജറ്റിൽ ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത് 1,000 രൂപ മാത്രമാണ്. അധിക തുകയായ 4.99 ലക്ഷം രൂപ ആവശ്യമാണ്.

2404-00-109-98-00-21(02)—മോട്ടോർ വെഹിക്കിൾസ്-റിപ്പയേഴ്സ് & മെയിന്റനൻസ് (NP) ശീർഷകത്തിൽ സമിതി 66,000 രൂപ ശിപാർശ ചെയ്യുന്നു. 2017-18 ഫൈനൽ എസ്.ഡി.ജി.-യിൽ 1,00,000 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും തന്നെ ലഭിച്ചില്ല. 2018-19 ബഡ്ജറ്റിൽ 31,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക അപര്യാപ്തമാണ്. അധിക തുകയായ 66,000 രൂപ ആവശ്യമാണ്.

ശിപാർശ

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

വിഹിതം: 4,66,00,000 രൂപ (പദ്ധതി)

തെരഞ്ഞെടുത്ത അതിർത്തി ചെക്ക്പോസ്റ്റുകളിൽ പാൽഗുണനിലവാര പരിശോധനയ്ക്കായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും ദേശീയ അക്രഡിറ്റേഷൻ

ലഭിച്ച സംസ്ഥാന ഡയറി ലാബിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.59 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സമിതി ശിപാർശ ചെയ്ത 4.59 കോടി രൂപ അധിക തുക ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ നൽകിയെങ്കിലും 2017-18 ഉപധനാഭ്യർത്ഥനയിൽ അധികതുക ലഭിച്ചിട്ടില്ല. 2017-18 ആദ്യ ഉപധനാഭ്യർത്ഥനയിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു, എന്നാൽ 2018-19 ബഡ്ജറ്റിൽ 5.04 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2404-00-109-93—<u>മിൽക്ക്ഷെഡ് വികസന പദ്ധതി</u>

വിഹിതം: 41,79,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കൂടുതൽ ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനും ഉൽപ്പാദനശേഷി കൂടിയ കറവമാടുകളെ വാങ്ങുന്നതിനും കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളെ സംയോജിപ്പിച്ചുകൊണ്ട് ഡയറി സോൺ പദ്ധതി നടപ്പിലാക്കുവാനും കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിലേക്കുമായി അധിക തുക ആവശ്യമുണ്ടെന്ന് സമിതി കരുതുന്നതിനാൽ ഈ ശീർഷകത്തിൽ 18.36 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2016-17 ELAMS പ്രകാരം ചെലവഴിച്ച 166.37 ലക്ഷം രൂപ ഉൾപ്പെടെ 18.36 കോടി രൂപ അധികമായി ലഭിക്കുന്നതിന് അപേക്ഷിച്ചിരുന്നുവെങ്കിലും തുക ലഭ്യമായില്ല. ELAMS-ൽ ചെലവഴിച്ച തുകയായ 166.37 ലക്ഷം രൂപ 2017-18 വർഷത്തെ ഫണ്ടിൽ നിന്ന് റീഅപ്രോപ്രിയേഷൻ മുഖേന ലഭിച്ചു. 2017-18-ൽ സമിതി ശിപാർശ ചെയ്ത അധിക തുക ലഭിച്ചിട്ടില്ല. ആയത് വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. 2018-19 വർഷത്തെ ബഡ്ജറ്റിൽ 46 കോടി രൂപ വകയിരുത്തിയിട്ടുള്ളത് അപര്യാപ്തമാണ്. അധികതുകയായ 18.36 കോടി രൂപ ആവശ്യമാണ്.

ശിപാർശ

2404-00-195-94—ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

വിഹിതം: 25,85,00,000 രൂപ (പദ്ധതി)

ക്ഷീരസംഘങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ക്ഷീര സംഘങ്ങളിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വൈക്കോൽ എന്നിവ എത്തിച്ചു നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുകയായ 1.25 കോടി രൂപയുള്ള പ്രൊപ്പോസൽ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അപേക്ഷിച്ചിരുന്നുവെങ്കിലും 2017-18-ൽ അധികതുക ലഭിച്ചിട്ടില്ല. എന്നാൽ 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 28.44 കോടി രൂപ ലഭിച്ചിട്ടുണ്ട്.

ശിപാർശ

2404-00-195-92—സഹകരണ ക്ഷീരവിപണന ഫെഡറേഷനുള്ള ധനസഹായം

വിഹിതം: 7,43,00,000 രൂപ (പദ്ധതി)

മിൽമ ഡയറി പ്ലാന്റ്, കാലിത്തീറ്റ ഫാക്ടറി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ ശീർഷകത്തിൽ 5.345 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുകയായ 5.345 കോടി രൂപയുള്ള പ്രൊപ്പോസൽ 2017-18-ൽ ഉപധനാഭ്യർത്ഥനയിൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക ലഭ്യമായിട്ടില്ല. അധിക തുകയായ 5.345 കോടി രൂപ ആവശ്യമാണ്.

ശിപാർശ

2404-00-800-80—വയനാട് ബ്രഹ്മഗിരി വികസന സൊസൈറ്റിക്ക് ധനസഹായം

വിഹിതം: ഇല്ല

ബ്രഹ്മഗിരി വികസന സൊസൈറ്റി വയനാട് മുഖേന ക്ഷീരവികസന/മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞ വർഷം അധികം ഗ്രാന്റ് 10 കോടി വകയിരുത്തിയിരുന്നെങ്കിലും 5 കോടി മാത്രമേ അനുവദിച്ചുള്ളൂ. ഈ വർഷം ഒന്നും തന്നെയില്ലെന്ന് മനസ്സിലാക്കിയ സമിതി 5 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത അധിക തുകയായ 5 കോടി രൂപയ്ക്കായി 2017-18-ൽ ഉപധനാഭ്യർത്ഥനയിൽ അപേക്ഷിച്ചിരുന്നുവെങ്കിലും തുക ലഭ്യമായില്ല. അധിക തുകയായ 5 കോടി രൂപ ആവശ്യമാണ്.

ശിപാർശ

2404-00-800-78—കേരള ക്ഷീരകർഷക ക്ഷേമനിധിക്ക് പെൻഷൻ നൽകുന്നതിനുള്ള വിഹിതം

വിഹിതം: ഇല്ല (പദ്ധതി)

പുതിയ സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം പെൻഷൻ തുക 1,100 രൂപയായി വർദ്ധിപ്പിക്കുമ്പോൾ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് ഈ ശീർഷകത്തിൽ 20 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സർക്കാർ സ്വീകരിച്ച നടപടി

ഈ ഇനത്തിനായി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2017-18 വർഷം 32.896 കോടി രൂപ ലഭ്യമായിട്ടുണ്ട്.

ശിപാർശ

2404-00-800-76 —കടക്കെണിയിലായ ക്ഷീര കർഷകർക്ക് ധനസഹായം

വിഹിതം: ഇല്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി വിതരണം ചെയ്ത കന്നുകാലികൾ ചത്തു പോകുകയും കറവ പശുക്കളുടെ പാലുൽപ്പാദനത്തിൽ കുറവുവരുകയും ചെയ്യുന്നതിന്റെ ഫലമായി കടക്കെണിയിലായി ജപ്തി നടപടികൾ അഭിമുഖീകരിക്കുന്ന ക്ഷീര കർഷകർക്ക്

ധനസഹായം നൽകുന്നതിനായി ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി 7 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

സർക്കാർ സ്വീകരിച്ച നടപടി

തുക ലഭ്യമാക്കുന്നതിനായി അപേക്ഷിച്ചിരുന്നുവെങ്കിലും തുകയൊന്നും ലഭ്യമായിട്ടില്ല

ശിപാർശ

2405-00-101-87—നഴ്സറികൾ സ്ഥാപിക്കൽ

വിഹിതം: 8,00,00,000 രൂപ (പദ്ധതി)

നിലവിലുള്ള സർക്കാർ ഫാമുകൾ, നഴ്സറികൾ, അക്വേറിയങ്ങൾ എന്നിവയുടെ നടത്തിപ്പ്, സംരക്ഷണം, ഉല്പ്പാദനശേഷി വർദ്ധിപ്പിക്കൽ, പ്രജനന മത്സ്യത്തിന്റെ സംരക്ഷണം, പ്രജനന പ്രവർത്തനങ്ങൾ, മത്സ്യവിത്ത് പരിപാലനം, ഉപകരണ ചെലവ് എന്നിവയും കൂടാതെ 2016-17-ലെ ബജറ്റ് അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളുടെയും നഴ്സറികളുടെയും പ്രവർത്തനത്തിനായി 3-4-2017-ലെ സർക്കാർ ഉത്തരവു നമ്പർ 284/2017/മതുവ. പ്രകാരം 2405-00-101-87(പ്ലാൻ) ശീർഷകത്തിൽ 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ മുൻ വർഷങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 400 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കുന്നതിനായി SDG മുഖാന്തരം ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. 2017-18 സാമ്പത്തിക വർഷം 2405-00-101-87(പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 800 ലക്ഷം രൂപയിൽ 7,84,59,578/- രൂപ മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളുടെയും നഴ്സറികളുടെയും പ്രവർത്തനത്തിനായി ചെലവഴിച്ചു.

ശിപാർശ

2405-00-101-54—അക്വാകൾച്ചർ ഡെവലപ്പ്മെന്റ്

വിഹിതം : 18,38,00,000 രൂപ (പദ്ധതി)

നിലവിലുള്ള പ്രദേശങ്ങളിലെ അക്വാകൾച്ചർ സാദ്ധ്യതകളുടെ പൂർണ്ണമായ വിനിയോഗം, സ്വാഭാവിക തെരഞ്ഞെടുപ്പിലൂടെയുള്ള ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ ഉപയോഗം, പോഷകങ്ങളുടെയും, രോഗങ്ങളുടെയും മാനേജ്മെന്റ്, നൂതന

അക്വാകൾച്ചർ സമ്പ്രദായങ്ങളുടെ ഉപയോഗം, പുനഃപര്യയന അക്വാകൾച്ചർ, തനത് മത്സ്യങ്ങളുടെ പോളികൾച്ചർ/മോണോകൾച്ചർ, സംയോജിത ഫാമിംഗ്, കൊഞ്ച്, ചെമ്മീൻ, കടുക്ക, എഡിബിൾ ചിപ്പി, പേൾമുത്തു ചിപ്പി, ചെളി ഞണ്ട്, വലിയയിനം ഞണ്ട് (ലോബ്സ്റ്റർ) എന്നിവയുടെ ഫാമിംഗ്, അലങ്കാര മത്സ്യങ്ങളുടെയും അതിനനുബന്ധ വസ്തുക്കളുടെയും വലിയതോതിലുള്ള ഉൽപ്പാദനവും അതിന്റെ വിപണനവും ഇടങ്ങിയ മത്സ്യകൃഷി ഉല്പാദനത്തിലെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിച്ചു. അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-103-84—<u>മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം</u>

വിഹിതം: 13,00,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യബന്ധനത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി പ്രതിമാസം നിശ്ചിത നിരക്കിൽ പൊതുമേഖല എണ്ണക്കമ്പനികളിൽ നിന്ന് വെള്ള മണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബർ/ലാന്റിംഗ് സെന്റർ കേന്ദ്രീകരിച്ച് മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് മത്സ്യത്തൊഴിലാളി സംഘങ്ങളിലൂടെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കി വരുന്നത്. 2017-18 സാമ്പത്തിക വർഷത്തേക്ക് 27000 കിലോ ലിറ്റർ മണ്ണെണ്ണയാണ് ഇത്തരത്തിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇതിന് 68 കോടിയോളം രൂപ വേണ്ടി വരുമെന്ന് മത്സ്യഫെഡ് അറിയിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റ് വിഹിതമായി 13 കോടി രൂപയും എസ്.ഡി.ജി. ആയി 22 കോടി രൂപയും ലഭ്യമായിട്ടുണ്ട്. കൂടാതെ 9,70,00,000 രൂപ റീ അപ്രോപ്രിയേഷൻ മുഖേനയും ലഭിച്ചിട്ടുണ്ട്.

ശിപാർശ

2405-00-103-83—മത്സ്യത്തൊഴിലാളികൾക്കുള്ള ഉത്പാദന ബോണസ്

വിഹിതം : ഇല്ല

പ്രാഥമിക സഹകരണ സംഘം മുഖേനയുള്ള തീരദേശ ലേലം ശക്തിപ്പെടുത്തുന്നതിനും മത്സ്യത്തിന് ന്യായമായ വില ഉറപ്പാക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യശീലം വളർത്തുന്നതിനും ഈ പദ്ധതി അനിവാര്യമാണ് എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

പരമ്പരാഗത മത്സ്യമേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ഉല്പാദനത്തിന്റെ 0.51 ശതമാനം ലാഭവിഹിതം നൽകുന്നതിനായുള്ള പദ്ധതി മത്സ്യഫെഡ് സമർപ്പിച്ചിട്ടുണ്ട്. പ്രഥമ സൊസൈറ്റികൾ മുഖേന കടപ്പുറത്ത് മത്സ്യ ലേലത്തിലേർപ്പെടുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളാണ് ടി പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുള്ളത്. ലേലത്തിൽ പങ്കെടുക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികളും മത്സ്യോല്പാദനത്തിന്റെ 1% വിഹിതം അവരുടെ സമ്പാദ്യത്തിൽ നിക്ഷേപിക്കേണ്ടതാണ്. അത്തരം വിഹിതങ്ങൾ അതാത് മത്സ്യത്തൊഴിലാളികളുടെ പാസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എല്ലാ സംഘങ്ങളും നടത്തുന്ന മൊത്തം ലേല തുകയുടെ 0.5% വിഹിതം ടി 1% സമ്പാദ്യത്തിനോടൊപ്പം ചേർത്തുകൊണ്ട് ആകെ 1.5% ഉല്പാദന ലാഭ വിഹിതമായി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് നൽകുന്നതാണ്. പ്രസ്തുത പദ്ധതിക്കായി തുക നടപ്പ് സാമ്പത്തിക വർഷത്തിൽ 2405-00-102-83(പി) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയെങ്കിലും തുക വകയിരുത്തിയിട്ടില്ല.

ശിപാർശ

2405-00-103-82—സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം) (സംസ്ഥാന വിഹിതം)

വിഹിതം: 2,00,00,000 രൂപ (പദ്ധതി)

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട്

ലക്ഷ്യമിടുന്നതെങ്കിലും മുൻവർഷത്തിലെ സബ്സിഡികൾ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കാനുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 18.7983 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തികവർഷം 2405-00-103-82 എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ സംയോജിത മത്സ്യബന്ധന വികസന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 2013-14 വർഷം മുതൽ മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന സംയോജിത മത്സ്യവികസന പദ്ധതികളിൽ വിഭാവനം ചെയ്തിരുന്ന 22.50% സബ്സിഡി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടില്ല. ടി വായ്പകൾ 12% പലിശ നിരക്കിൽ മത്സ്യത്തൊഴിലാളികൾ തിരിച്ചടവ് നടത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ 2013-14, 2014-15, 2015-16 വരെയുള്ള വർഷങ്ങളിലെ സംയോജിത മത്സ്യവികസന പദ്ധതികളിൽ സബ്സിഡി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യേണ്ടതായിട്ടുണ്ട്.

വിവിധ പദ്ധതികളിൽ ലഭിക്കേണ്ട തുകകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|
| IFDP 2013-14 | 24.345 |
| IFDP 2014-15 | 718.83 |
| IFDP 2015-16 | 1090.5 |

2017-18 -ലെ ബഡ്ജറ്റ് വിഹിതം : 200.00 ലക്ഷം രൂപ.

2017-18-ൽ NCDC ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി : 1633.675 ലക്ഷം രൂപ.

<u>ശിപാർശ</u>

2405-00-103-78—<u>മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്</u>

വിഹിതം: 5,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ 237500 മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയുടെ ഇൻഷ്വറൻസ് തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഇതിനായി 8.55 കോടി രൂപ ആവശ്യമായി വരുമെന്ന് സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ 237800 (പ്രതീക്ഷിക്കുന്നത്) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ ഇൻഷ്വറൻസ് പരിരക്ഷയുടെ പുതുക്കിയ തുക 10 ലക്ഷം രൂപ ആക്കിയിട്ടുണ്ട്. മുൻവർഷം 5 ലക്ഷം ആയിരുന്നപ്പോഴുള്ള പ്രീമിയം 181 രൂപ ഒരു മത്സ്യത്തൊഴിലാളിക്ക് എന്ന തോതിലാണ് പ്രീമിയം നിശ്ചയിച്ചിരുന്നത്. ടി സാഹചര്യത്തിൽ പ്രീമിയം തുക ഏകദേശം കഴിഞ്ഞ തവണത്തേക്കാൾ ഇരട്ടി അതായത് 362 രൂപ എന്ന് കണക്കാക്കിയാൽ 3,60,83,600 രൂപ അധികമായി വേണ്ടിവരുന്നതാണ്. ആയതിലേയ്ക്കായി 1,31,36,000 രൂപ റീ അപ്രോപ്രിയേറ്റ് ചെയ്ത് ലഭിക്കുകയുണ്ടായി.

<u>ശിപാർശ</u>

2405-00-105-88—<u>തീരമൈത്രി സൂപ്പർ മാർക്കറ്റ്</u>

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

സപ്ലൈകോ/കൺസ്യൂമർഫെഡ് പ്രവർത്തിക്കുന്ന പ്രദേശങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിൽ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിലൂടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം തീരമൈത്രി സൂപ്പർ മാർക്കറ്റ് വഴി സബ്സിഡി നിരക്കിൽ മാവേലി സാധനങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി 2405-00-105-88 (NP) എന്ന ശീർഷകത്തിൽ 1000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ 65,78,039 രൂപ ഫൈനൽ ബാച്ച് SDG മുഖാന്തരം മേൽ ശീർഷകത്തിൽ ലഭ്യമാക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല. തീരമാവേലി പദ്ധതിയ്ക്കായി കടാശ്വാസത്തിന് 2405-00-105-88-21-34 (NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 17.50 കോടി

രൂപയിൽ ബാക്കി വന്ന 12,62,11,612 രൂപയിൽനിന്നും തീരമൈത്രി പദ്ധതിക്ക് ആവശ്യമായ 27.32 ലക്ഷം രൂപ അടിയന്തരമായി 2405-00-105-88 (NP) എന്ന ശീർഷകത്തിലേക്ക് റീ അപ്രോപ്രിയേറ്റ് ചെയ്യുന്നതിനായി പ്രപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

ശിപാർശ

2405-00-105-86—മത്സ്യമാർക്കറ്റുകൾ, വാല്യൂ അഡീഷൻ, വിളവെടുപ്പ് പൂർവ്വപ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം

വിഹിതം: 4,00,00,000 രൂപ (പദ്ധതി)

ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്ന മുനമ്പം, ശക്തികുളങ്ങര, പുതിയാപ്പ എന്നിവിടങ്ങളിലെ പ്രീപ്രോസസ്സിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സർക്കാർ സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷം മത്സ്യഫെഡ് മുഖേന ഫിഷ് മാർട്ട് നിർമ്മിക്കുന്നതിനായി 200 ലക്ഷം രൂപയുടെ പദ്ധതിക്കും, അരൂർ മാർക്കറ്റ് നവീകരണത്തിനായി 50 ലക്ഷം രൂപയുടെ പദ്ധതിയും ശക്തികുളങ്ങരയിലെ മത്സ്യഫെഡ് കോമൺ പ്രീ പ്രോസസ്സിംഗ് സെന്റർ നവീകരണത്തിനായി 160 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനും 80 ലക്ഷം രൂപ കേരള സർക്കാർ വിഹിതമായി അംഗീകരിച്ചുകൊണ്ടും മത്സ്യത്തൊഴിലാളി വനിതകൾക്ക് റീട്ടെയിൽ ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിനായി 70 ലക്ഷം രൂപയുടെ പദ്ധതിക്കും 2405-00-105-86(പി) എന്ന ശീർഷകത്തിൽ നിന്നു ചെലവ് വഹിക്കണമെന്ന വ്യവസ്ഥയിൽ ഭരണാനുമതി നൽകിയിരുന്നു. ഇതിനു പുറമേ തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പാക്കുന്ന മാർക്കറ്റ് നവീകരണ പ്രവർത്തനങ്ങൾക്ക് ഈ ശീർഷകത്തിൽ നിന്നും ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടില്ല. മത്സ്യഫെഡിന്റെ ശക്തികുളങ്ങര കോമൺ പ്രീ പ്രോസസ്സിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനത്തിന് NFDB യിൽ നിന്നും അനുമതി ലഭിക്കാത്തതും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന മാർക്കറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തതിനാലും അധികതുക ആവശ്യമായി വന്നില്ല.

ശിപാർശ

2405-00-190-95—കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ്

വിഹിതം: ഇല്ല

2017-18-ലെ നയപ്രഖ്യാപനത്തിൽ അലങ്കാര മത്സ്യവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആരംഭിക്കുന്നുണ്ടെന്നും ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ

2 കോടി രൂപ വകയിരുത്തിയതായും പറഞ്ഞിരുന്നു. എന്നാൽ ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരളത്തിലെ അലങ്കാര മത്സ്യങ്ങളുടെ ഉല്പാദന മേഖലയിലും വിപണന മേഖലയിലും ഇടപെടുന്നതിനുവേണ്ടി രൂപീകൃതമായ സ്ഥാപനമാണ് കാവിൽ. കാവിലിലെ നിലവിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുഗമമായ പ്രവർത്തനത്തിനുവേണ്ടി 2405-00-190-95 (പ്ലാൻ) ശീർഷകത്തിൽ 200 ലക്ഷം രൂപ 31-7-2017 തീയതിയിലെ ജി.ഒ.(ആർടി.)600/2017/മ.തു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക പൂർണ്ണമായും 3 ഗഡുക്കളായി മാനേജിംഗ് ഡയറക്ടർ കാവിലിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-800-92-<u>രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം</u>

വിഹിതം: 20,00,00,000 രൂപ (പദ്ധതിയേതരം)

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 2017-18 സാമ്പത്തികവർഷത്തിൽ 20 കോടി രൂപ 2405-00-800-92 -12-NP എന്ന ശീർഷകത്തിൽ ഉണ്ടായിരുന്നതിൽ 2016-17 കുടിശ്ശികയായിട്ടുള്ള വിദ്യാഭ്യാസാനുകൂല്യത്തിനുള്ള തുകയും, 2017-18-ലെ വിദ്യാഭ്യാസാനുകൂല്യത്തിനായുള്ള തുകയും പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-800-50—<u>മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി</u>

വിഹിതം: 1,50,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തെ 83000 അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി 2.862 കോടി രൂപ ആവശ്യമാണ്. ബജറ്റിൽ

വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.362 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ 78979 (പ്രതീക്ഷിക്കുന്നത്) അനുബന്ധമത്സ്യത്തൊഴിലാളികളുടെ സാമൂഹികസുരക്ഷ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിരക്ഷ 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. 5 ലക്ഷം ആയിരുന്നപ്പോഴുള്ള പ്രീമിയം ഒരു തൊഴിലാളിക്ക് 181 രൂപ ആയിരുന്നു. ഇൻഷ്വറൻസ് പരിരക്ഷ ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ പ്രീമിയം തുകയും ഏകദേശം കഴിഞ്ഞ തവണത്തെക്കാൾ ഇരട്ടി വേണ്ടിവരും. ടി ആവശ്യത്തിലേയ്ക്കായി 59,69,000 രൂപ റീ അപ്രോപ്രിയേഷൻ മുഖാന്തരം ലഭിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-800-28—<u>കേരള മത്സ്യ-അനുബന്ധ തൊഴിലാളിക്ഷേമ സെസ് ആക്ട് 2007 പ്രകാരം പിരിച്ച സെസ് തുക കെ. എഫ്.ഡബ്ല്യു. ബോർഡിലേക്ക് മാറ്റുന്നത്</u>

വിഹിതം: 1,000 രൂപ (പദ്ധതിയേതരം)

സെസ് സംബന്ധമായി കേസുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 15 ലക്ഷം അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കേരള മത്സ്യഅനുബന്ധ തൊഴിലാളിക്ഷേമ സെസ്സുമായി ബന്ധപ്പെട്ട അൻപതോളം കേസുകളാണ് നിലവിലിരിക്കുന്നത്. സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് 14-11-2016-ന് അഡീഷണൽ അഡ്വ. ജനറലുമായി സെസ് കേസുകളുമായി ബന്ധപ്പെട്ട വിഷയം ലാ ഓഫീസർ നേരിട്ട് ചർച്ച ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതി മുമ്പാകെ വാദം കഴിഞ്ഞ് വിധി പറയാൻ മാറ്റിവെച്ച കേസുകളും 2007-ലെ സെസ് നിയമത്തിന്റെ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്ത് എക്സ്പോർട്ടേഴ്സ് സമർപ്പിച്ചിട്ടുള്ള കേസുകളും, ഐസ് പ്ലാന്റ് ഉടമസ്ഥർ പരാതിക്കാരായ കേസുകളും സെസ് കേസുകളിൽ ഉൾപ്പെടും. ഇതിൽ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്ത് സമർപ്പിച്ചിട്ടുള്ള പല കേസുകളിലും സ്റ്റേറ്റ് തന്നെ ഉടനെ റിവൈസ്ഡ് കൗണ്ടർ അഫിഡവിറ്റ് നൽകണമെന്ന് അഡ്വ. ജനറൽ നിർദ്ദേശിച്ചതനുസരിച്ച് 2-12-2016-ൽ തന്നെ റിവൈസ്ഡ് കൗണ്ടർ

അഫിഡവിറ്റ് തയ്യാറാക്കി അഡീഷണൽ അഡ്വ. ജനറലിന് സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സമാനമായ എല്ലാ കേസുകളിലും ബഹുമാനപ്പെട്ട ഹൈക്കോടതി വാദം കേൾക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് അഡീഷണൽ അഡ്വ. ജനറൽ ഉറപ്പ് നൽകിയിട്ടുണ്ട്. ഐസ് പ്ലാന്റ് ഉടമസ്ഥർ ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ 2007-ലെ സെസ് ആക്ടിന്റെ നിർവചനത്തിൽ "അനുബന്ധ തൊഴിലാളി" എന്ന വിഭാഗത്തിൽ ഐസ് പ്ലാന്റ് വർക്കേഴ്സ് ഉൾപ്പെടുമോ എന്നതിൽ കൂടുതൽ വ്യക്തത വരുത്തി ടി നിർവചനം നിലനിൽക്കത്തക്ക വിധത്തിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്യണമെന്ന് അഡ്വ. ജനറൽ നിർദ്ദേശിക്കുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. 2017-18-ൽ സെസ് സംബന്ധിച്ച കേസുകൾ തീർപ്പാക്കുന്നതിനായി അധികമായി തുക വകയിരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. എന്നാൽ ഈ വിഷയം സംബന്ധിച്ച് 28-5-2018-ൽ ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളതായി മനസ്സിലാക്കിയിട്ടുണ്ട്. വിധിപകർപ്പ് കിട്ടുന്ന മുറയ്ക്ക് വിധി പരിശോധിച്ച് ആവശ്യമെങ്കിൽ ശിപാർശയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

<u>ശിപാർശ</u>

4405-00-101-95—<u>നഴ്സറികൾ സ്ഥാപിക്കൽ</u>

വിഹിതം: 9,00,00,000 രൂപ (പദ്ധതി)

മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്ത് ഫാമുകൾ/ഹാച്ചറികൾ/നഴ്സറികൾ എന്നിവയുടെ പൂർത്തീകരണവും, നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം വിത്തുല്പാദന യൂണിറ്റുകളുടെ രൂപീകരണവും, 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രഖ്യാപനത്തിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും ഈ ശീർഷകത്തിൽ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മത്സ്യവിത്തുകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതിനായി 3-4-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 284/2017/മഉവ. പ്രകാരം 4405-001-01-95(P) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 900 ലക്ഷം രൂപ പ്രസ്തുത പദ്ധതിക്കായി പൂർണ്ണമായി വിനിയോഗിച്ചു കഴിഞ്ഞു. 2017-18 സാമ്പത്തികവർഷം അക്വാകൾച്ചർ വികസനത്തിനായി 4405-00-101-90 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപയിൽ നിന്ന് ബാക്കി വന്ന

6,34,72,440 രൂപയിൽ 3 കോടി രൂപ 4405-001-01-95 (P) എന്ന ശീർഷകത്തിലേയ്ക്ക് റീഅപ്രോപ്രിയേഷൻ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ കളത്തുപ്പുഴ ഹാച്ചറിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-103-98—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)</u>

വിഹിതം: 3,50,00,000 രൂപ (പദ്ധതി)

ഐ.എഫ്.ഡി.പി. 2014-15, 2015-16 എന്നീ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി 13.2071 കോടി രൂപ അധികമായി ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 13.2071 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന സംയോജിത മത്സ്യവികസന പദ്ധതിയ്ക്കായി 4405-00-103-98 എന്ന ശീർഷകത്തിൽ 350 ലക്ഷം രൂപ വകയിരുത്തിയതിൽ 350 ലക്ഷം രൂപയും പൂർണ്ണമായും ചെലവഴിച്ചു. 2014-15 സംയോജിത മത്സ്യ വികസന പദ്ധതിയുടെ ഷെയർ കാപ്പിറ്റൽ കുടിശ്ശിക ഇനത്തിൽ അനുവദിക്കേണ്ട തുകയായ 308.04 ലക്ഷം രൂപയും, 2015-16-ലെ കുടിശ്ശിക തുകയായ 1012.67 ലക്ഷം രൂപയും ചേർത്ത് ആകെ തുകയായ 1320.71 ലക്ഷം രൂപ ഷെയർ കാപ്പിറ്റൽ ഇനത്തിൽ പദ്ധതിക്ക് അനുവദിച്ച് നൽകുന്നതിനായി 6405-00-195-99 എന്ന ശീർഷകത്തിൽ നിന്നും 1320.71 ലക്ഷം രൂപ 4405-00-103-98 എന്ന ശീർഷകത്തിലേയ്ക്ക് റീ-അപ്രോപ്രിയേറ്റ് ചെയ്തുകൊണ്ട് അനുമതി നൽകിയിട്ടുണ്ട്, സംയോജിത മത്സ്യ വികസന പദ്ധതിയുടെ 2014-15, 2015-16-ലെ ഷെയർ കാപ്പിറ്റൽ ഇനത്തിൽ ആകെ തുകയായ 1320.71 ലക്ഷം രൂപ പൂർണ്ണമായും മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-104-62—<u>കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം മത്സ്യബന്ധനത്തിനു ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്രാവിഷ്കൃത പദ്ധതി)</u>

വിഹിതം: ഇല്ല

നിലവിലുള്ള പെൻഡിംഗ് ബില്ലുകൾ നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഡ്രഡ്ജിംഗ് പ്രവൃത്തികൾ ക്രമാനുസൃതമായി

നടത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 7.2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 79)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലുള്ള പെൻഡിംഗ് ബില്ലുകൾ നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് 7.2 കോടി രൂപ അനുവദിച്ച് കിട്ടിയില്ല.

<u>ശിപാർശ</u>

4405-00-104-60—<u>ചേത്തി മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)</u>

വിഹിതം: ഇല്ല

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള ഈ പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള ടി പദ്ധതിയ്ക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ചേത്തി മത്സ്യബന്ധന തുറമുഖ പദ്ധതി KIIFB-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-104-53—<u>ആർ.ഐ.ഡി.എഫ്. സഹായത്തിന്മേലുള്ള സംയോജിത തീരദേശ വികസന പദ്ധതി</u>

വിഹിതം: 20,00,00,000 രൂപ (പദ്ധതി)

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സർക്കാർ സ്വീകരിച്ച നടപടി

SDG പ്രൊപ്പോസൽ വഴി 23 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചുവെങ്കിലും അനുമതി നൽകിയിരുന്നില്ല. എന്നാൽ 2017-18 വർഷത്തിൽ 399.26 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനിലൂടെയും 1348.78 ലക്ഷം രൂപ റീഅപ്രോപ്രിയേഷൻ വഴിയും കണ്ടെത്തി ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ നിർവ്വഹണത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ

2405-00-109-94-ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ

വിഹിതം: ഇല്ല

ഗവർണറുടെ നയപ്രഖ്യാപനത്തിൽ ഈ സാമ്പത്തിക വർഷംതന്നെ പ്രവർത്തനമാരംഭിക്കുമെന്ന് പ്രഖ്യാപിച്ച ഓഷ്യനേറിയം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ അന്തിമ ഘട്ടത്തിലായതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സർക്കാർ സ്വീകരിച്ച നടപടി

എറണാകുളം കണയന്നൂർ താലൂക്കിൽ പുതുവൈപ്പിനിൽ ഓഷ്യനേറിയം ആന്റ് റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ആയതു പ്രകാരം പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായി ആദ്യ ഗഡുവായി 9.81 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ഫിർമയ്ക്ക് നൽകുകയും ചെയ്തിരുന്നു. അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചതായും ബാക്കി തുക അനുവദിക്കുവാനും, ബന്ധപ്പെട്ട ധനവിനിയോഗ സർട്ടിഫിക്കറ്റ് സഹിതം ഫിർമ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

മേൽ സാഹചര്യത്തിൽ ഓഷ്യനേറിയം പദ്ധതിയുമായി ബന്ധപ്പെട്ട് തുടർപ്രവർത്തനങ്ങൾ ചെയ്യുന്നതിന് വിവിധ ഏജൻസികൾക്ക് നൽകേണ്ടി വരുന്നതായ തുക 40,19,000 രൂപ (നാല്പത് ലക്ഷത്തിപത്തൊൻപതിനായിരം രൂപ മാത്രം) "2405-00-109-94(നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖാന്തരം നൽകുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ഫണ്ട് അനുവദിച്ചില്ല

ശിപാർശ

4405-00-800-78—ആലപ്പുഴ വടക്ക് അന്ധകാരനഴിപാലം നിർമ്മാണം

വിഹിതം: ഇല്ല

അന്ധകാരനഴിപാലം നിർമ്മാണ പ്രവൃത്തിയുടെ 75% പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 2017-18-ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി

മനസ്സിലാക്കുന്നു. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 1.73 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സർക്കാർ സ്വീകരിച്ച നടപടി

അന്ധകാരനഴി പാലം നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 2017-18 സാമ്പത്തികവർഷം ഉപധനാഭ്യർത്ഥനകളിൽ തുകകൾ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും അനുവദിച്ചിരുന്നില്ല. 2018-19 വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ടി പ്രവൃത്തിക്കായി 145 ലക്ഷം രൂപ അഭ്യർത്ഥിച്ചിട്ടുണ്ട്.

ശിപാർശ

പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം

ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിലേക്കായി 10 ലക്ഷം രൂപ പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മേൽ പദ്ധതിക്ക് 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും തുക ഇതുവരെയും അനുവദിച്ചിരുന്നില്ല. 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൻപ്രകാരം പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ നിർമ്മാണ പദ്ധതി KIIFB -ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശിപാർശ

ആർ. കെ. വി. വൈ. പദ്ധതിക്കുള്ള സംസ്ഥാന വിഹിതം

കേന്ദ്ര സഹായപദ്ധതികളുടെ സ്റ്റേറ്റ് വിഹിതം വഹിക്കുന്നതിന് ബജറ്റ് തുക ആവശ്യമായതിനാൽ ഇതിലേക്കായി 1000 രൂപ ടോക്കൺ പ്രൊവിഷൻ പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

ആർ. കെ. വി. വൈ. പദ്ധതി കൃഷി വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ ഫണ്ട് കൃഷി വകുപ്പിന്റെ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള

സാഹചര്യത്തിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. ഓരോ വകുപ്പും ഇതിനാവശ്യമായ വിഹിതം അതാത് വകുപ്പിൽ നിന്നും കണ്ടെത്തണമെന്ന പ്രതീക്ഷയിലാണ് ഈ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. ആർ.കെ.വി.വൈ. പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ വിഹിതം കൃഷി വകുപ്പ് വഴി ലഭ്യമാകുന്ന സാഹചര്യമുള്ളതിനാൽ ഫിഷറീസ് വകുപ്പ് മുഖേന തുടർ നടപടി കൈക്കൊണ്ടിട്ടില്ല.

## ശിപാർശ

### എൻ. എഫ്. ഡി. സി. പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതം

കേന്ദ്രസഹായ പദ്ധതികളുടെ സ്റ്റേറ്റ് വിഹിതം വഹിക്കുന്നതിന് ബജറ്റ് തുക ആവശ്യമാണ്. ഇതിനായി 1,000 രൂപ ടോക്കൺ പ്രൊവിഷൻ പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

## സർക്കാർ സ്വീകരിച്ച നടപടി

എൻ.എഫ്.ഡി.സി. പദ്ധതികൾ ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നടപ്പിലാക്കുന്നില്ല. അതിനാൽ ടോക്കൺ പ്രൊവിഷൻ ആവശ്യമില്ല.

## ശിപാർശ

### മത്സ്യബന്ധന തുറമുഖത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

നീണ്ടകര, ചെല്ലാനം, വൈപ്പിൻ മത്സ്യബന്ധന തുറമുഖങ്ങളിലെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി 2017-18 സാമ്പത്തികവർഷം 15 കോടി രൂപ പുതിയ ശീർഷകം അനുവദിച്ച് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

## സർക്കാർ സ്വീകരിച്ച നടപടി

2017-18 വർഷത്തെ ധനാഭ്യർത്ഥനകളിൽ ഫണ്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിരുന്നില്ല. തുടർന്ന് 2017-18-ൽ റീഅപ്രോപ്രിയേഷൻ മുഖേന ചെല്ലാനം മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിന്റെ രണ്ടാംഘട്ടം വികസനത്തിനു വേണ്ട ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 4405-00-104-55-ലാന്റ് അക്വിസിഷൻ എന്ന ശീർഷകത്തിൽ 13 കോടി രൂപ അനുവദിച്ചിരുന്നു. നീണ്ടകര മത്സ്യബന്ധന തുറമുഖത്തെ സ്ഥലം ഏറ്റെടുക്കൽ പ്രാരംഭപ്രവർത്തനങ്ങൾക്കായി 9.61 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

<u>പെന്റിംഗ് ലിസ്റ്റ്</u>

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ഖണ്ഡികകൾ.

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കൃഷി | 4, 5, 13, 14, 16, 18, 19, 20, 23, 24, 25 |
| 2 | മൃഗസംരക്ഷണ വകുപ്പ് | 58 |
| 3 | മത്സ്യബന്ധനം | 60, 69, 70, 76, 77, 78 |

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2018 ജൂൺ 20.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്